"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഗതാഗത വകുപ്പ്-കെ.ടി.ഡി.എഫ്.സി.യിൽ ശ്രീമതി. രാജശ്രീ അജിത്ത്, മാനേജിംഗ് ഡയക്ടർ ആയിരിക്കെ ഡോ.ബാബു രാമചന്ദ്രൻ, ഡോ.മേരി പി.ജോൺ എന്നിവർക്ക് വായ്പ അനുവദിച്ചതിലെ ക്രമക്കേട് - ഡോ.രാജശ്രീ അജിത്തിനെതിരെ ആരംഭിച്ച അച്ചടക്ക നടപടികൾ തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഗതാഗത (എ)വകുപ്പ്

സ.ഉ.(സാധാ) നം.152/2024/TRANS തീയതി,തിരുവനന്തപുരം, 20-04-2024

---

പരാമർശം:-

1. വിജിലൻസ് (എ) വകുപ്പിന്റെ 12.01.2017 ലെ 12639/എ1/16/വിജി. നം. കത്തും അതോടൊപ്പമുള്ള വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോയുടെ 14/11/16 ലെ ഇ15/വി.ഇ4/2015/എസ്.ഐ.യു1/കെ.ടി.ഡി.എഫ്.സി) 5394/ 2015 നമ്പർ കത്തും.
2. 04.01.2021-ലെ Trans-A1/114/2018-Trans നമ്പർ കുറ്റ പത്രികയും ഇതേ നമ്പർ, തീയതി പ്രകാരമുള്ള കുറ്റാരോപണ പത്രികയും.
3. ശ്രീമതി ഡോ. അജിത് 26/12/2019 ൽ സമർപ്പിച്ച പ്രതിവാദ പത്രിക
4. സർക്കാർ ഉത്തരവ് നം. സ.ഉ.(സാധാ.) നം. 319/2020/ഗതാ. തീയതി 05.10.2020
5. 04.01/2021 ലെ ഗതാ-എ1/114/2018/ഗതാ നം. കുറ്റ പത്രവും ഇതെ നമ്പരും തീയതിയും ഉള്ള കുറ്റാരോപണ പത്രികയും(revised).
6. ഡോ. രാജശ്രീ അജിത് 05.02.2021 ൽ സമർപ്പിച്ച പ്രതിവാദ പത്രിക.
7. 07.12.2021 ലെ ഔപചാരിക അന്വേഷണ റിപ്പോർട്ട്.
8. KTDFC യുടെ 26.07.2021 ലെ Estt.A1/95/KTDFC/2026 നമ്പർ കത്ത്.

ഉത്തരവ്

കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷനിൽയിൽ ഡോ. .രാജശ്രീ അജിത്ത്, മാനേജിംഗ് ഡയക്ടർ ആയിരിക്കെ ഡോ.ബാബു രാമചന്ദ്രൻ, അദ്ദേഹത്തിന്റെ ഭാര്യ ഡോ.മേരി പി.ജോൺ

എന്നിവർക്ക് 31.08.2005-ൽ വായ്പ (Take over and achievement loan) അനുവദിച്ചതിൽ ക്രമക്കേടുകൾ കണ്ടെത്തിയതിനാൽ അച്ചടക്ക നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (1) പ്രകാരം വിജിലൻസ് വകുപ്പ് മുഖേന വിജിലൻസ് & ആന്റ് കറപ്ഷൻ ബ്യൂറോ ശിപാർശ ചെയ്തിരുന്നു. ഐശ്വര്യ ഗൃഹ ഫിനാൻസ് സ്കീം പ്രകാരം 7.5% പലിശയ്ക്കും പിന്നീട് കമേഴ്സ്യൽ കോംപ്ലക്സ് പണിയുന്നതിലേക്കായി 13% പലിശയ്ക്ക് ടോപ്പ് അപ്പ് ലോൺ നൽകിയതും ക്രമപ്രകാരമല്ലെന്ന് വിജിലൻസ് കണ്ടെത്തിയിരുന്നു.

2. വിജിലൻസ് അന്വേഷണ റിപ്പോർട്ട് പ്രകാരം, കെ.ടി.ഡി.എഫ്.സി മുൻ മാനേജിംഗ് ഡയറക്ടർ ഡോ.രാജശ്രീ അജിത്ത്, മുൻ ഡാറ്റ എൻട്രി ഓപ്പറേറ്റർ ശ്രീമതി.ശാലിനി ദേവി, ശ്രീമതി. പി. നിർമ്മലാ ദേവി, മുൻ സീനിയർ അസിസ്റ്റന്റ്, ശ്രീ.ബിജു.ആർ, സെക്ഷൻ ക്ലാർക്ക് (ദിവസ വേതനം), അഡ്വ. വഴുതയ്ക്കാട് ആർ.നരേന്ദ്രൻ നായർ, ലീഗൽ അഡ്വൈസർ, ശ്രീ.എം.ബി.സനൽകുമാർ, എന്നിവർക്കെതിരെയായിരുന്നു നടപടി ശിപാർശ ചെയ്തിരുന്നത്. ലോൺ അനുവദിച്ചതിലെ ക്രമക്കേട് മുൻ നിർത്തി മുൻ മാനേജിംഗ് ഡയറക്ടർ ഡോ.രാജശ്രീ അജിത്ത്, മുൻ ഡാറ്റ എൻട്രി ഓപ്പറേറ്റർ ശ്രീമതി.ശാലിനി ദേവി, എന്നിവർക്കെതിരെ വകുപ്പുതല നടപടി കൈക്കൊള്ളാനും കെ.ടി.ഡി.എഫ്.സി യിലെ ലീഗൽ അഡ്വൈസർമാരുടെ പാനലിൽ നിന്നും അഡ്വ. വഴുതയ്ക്കാട് ആർ.നരേന്ദ്രൻ നായരെയും ചാർട്ടേഡ് അക്കൗണ്ടന്റായ ശ്രീ.എം.ബി. സനൽകുമാറിനെയും പിരിച്ചു വിടാനും വിജിലൻസ് റിപ്പോർട്ടിൽ ശിപാർശ ചെയ്യുകയും, ആയത് പ്രകാരം അടിയന്തര നടപടി സ്വീകരിക്കുന്നതിന് കെ.ടി.ഡി.എഫ്.സി.യ്ക്ക് സർക്കാർ നിർദ്ദേശം നൽകുകയും ചെയ്തു.

3. തുടർന്ന് ഡോ.രാജശ്രീ അജിത്തിനെതിരെ 1960-ലെ കേരള സിവിൽ സർവ്വീസ് (തരം തിരക്കലും നിയന്ത്രണവും അപ്പീലും ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം അച്ചടക്ക നടപടി ആരംഭിക്കുകയും ചുവടെ ചേർക്കുന്ന ക്രമക്കേടുകൾക്ക് പരാമർശം (2) പ്രകാരം കുറ്റ പത്രവും കുറ്റാരോപണ പത്രികയും നൽകുകയുണ്ടായി:

i) അപേക്ഷ ഫീസ് 31/08/2005 തീയതിയിൽ അടച്ചതായും അതേ ദിവസം തന്നെ വായ്പ അനുവദിച്ചതായും മൂല്യ നിർണ്ണയത്തിനായുള്ള പരിശോധന നടത്തിയത് 06.09.2005 തീയതിയിലും മൂല്യ നിർണ്ണയ റിപ്പോർട്ട് തയ്യാറാക്കിയത് 07.09.2005 തീയതിയിലും ആണെന്ന് കണ്ടെത്തുകയുണ്ടായി. അതായത് വായ്പ അനുവദിച്ചതിന് ശേഷമാണ് മൂല്യ നിർണ്ണയ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

ii) കൂടാതെ 31.08.2008-ൽ വായ്പ അനുവദിച്ചതിന് മുൻപ് വാല്യുവേഷൻ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിരുന്നു എന്ന് വിശ്വസിപ്പിക്കുവാൻ വേണ്ടി മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിലെ (valuation certificate -ന്റെ തീയതി 27.08.2005 എന്ന് രേഖപ്പെടുത്തിയിട്ടുള്ളതായും അന്വേഷണത്തിൽ നിന്നും വളരെ വ്യക്തമായിട്ടുണ്ട്.

iii) മൂന്നാമത്തെ ടോപ്പ് അപ്പ് വായ്പ (3rd Top Up Loan) ആയി ഒരു കോടി രൂപ അനുവദിച്ചപ്പോൾ സ്റ്റേജ് സർട്ടിഫിക്കറ്റ്, കംപ്ലീഷൻ സർട്ടിഫിക്കറ്റ് കെ.ടി.ഡി.എഫ്. സി.യ്ക്ക് ലഭ്യമായിരുന്നില്ല. കൂടാതെ, മൂന്നാമത്തെ ടോപ്പ് അപ്പ് ലോൺ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഇ.എം.ഐ കണക്കാക്കിയിരുന്നതുമില്ല.

iv) ആദ്യ വായ്പയുടെ അപേക്ഷയിൽ മാത്രം നടപടി കൈക്കൊള്ളുകയും പിന്നീടുള്ള അപേക്ഷകളിൽ കൃത്യമായ നടപടി കൈകൊള്ളാതിരിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാമത്തെയും മൂന്നാമത്തെയും വായ്പാ അപേക്ഷകളിൽ അന്നത്തെ കെ. ടി.ഡി.എഫ്.സി. യുടെ മാനേജിംഗ് ഡയറക്ടർ ആയ ശ്രീമതി. രാജശ്രീ അജിത്ത് മാത്രമാണ് ഒപ്പ് വച്ചതായി കാണുന്നത്. ഇത് വായ്പാ തുക അനുവദിക്കുന്നതിൽ ടിയാൾക്കുള്ള വ്യക്തിപരമായ താല്പര്യം വ്യക്തമാക്കുന്നതാണ്.

4. ഡോ. രാജശ്രീ അജിത് പരാമർശം (3) പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചിട്ടുള്ളതാണ്. കഠിന ശിക്ഷയ്ക്കുള്ള അച്ചടക്ക നടപടികൾ ആരംഭിച്ചതിനാൽ ഔപചാരിക അന്വേഷണത്തിന് പരാമർശം (4) പ്രകാരം ഗതാഗത വകുപ്പിലെ ജോയിന്റ് സെക്രട്ടറിയായിരുന്ന ശ്രീമതി. കെ. ജോസഫൈനെ

നിയമിക്കുകയും വിജിലൻസ് റിപ്പോർട്ടിൽ പരാമർശിക്കുന്ന മറ്റ് മൂന്നുപേർക്കെതിരെയും വിജിലൻസ് ശുപാർശ ചെയ്ത പ്രകാരമുള്ള നടപടികൾ KTDFC സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

5. പരാമർശം (7) പ്രകാരം ശ്രീമതി.കെ.ജോസഫൈൻ, ജോയിന്റ് സെക്രട്ടറി, ഗതാഗത വകുപ്പ്, സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ ചുവടെ ചേർത്തിരിക്കുന്നു.

i) ടേക് ഓവർ ലോൺ ആയതിനാലും SBI-യിൽ നിന്നും എല്ലാ രേഖകളും Valuation Certificate എന്നിവ ലഭ്യമായതിനാൽ ലോൺ അനുവദിക്കുന്നതിനു മുൻപേ valuation റിപ്പോർട്ട് ആവശ്യമില്ല എന്ന് ഡോ.രാജശ്രീ അജിത്ത് തന്റെ പ്രതിവാദ പത്രികയിൽ പറയുന്നുണ്ട്. എന്നാൽ ഇത്രയും വലിയ തുക നൽകുന്നതിന് മുൻപേ KTDFC യുടെ ഭാഗത്തുനിന്നും പ്രത്യേകിച്ചും ജാമ്യമായി നല്കുന്ന വസ്തുവിന്റെ മൂല്യത്തെക്കുറിച്ച് ഒരു അന്വേഷണം നടത്തേണ്ടതായിരുന്നു. കൂടാതെ KTDFC നടത്തി സമർപ്പിച്ച Valuation certificate ലെ തീയതി 27.08.2005 ആയി തിരുത്തിയത് ആരെന്നു വിജിലൻസ് കണ്ടെത്തിയില്ല എന്ന് ഡോ.രാജശ്രീ അജിത് പറയുന്നുണ്ട്. പക്ഷെ സ്ഥാപനത്തിന്റെ ഡയറക്ടർ എന്ന നിലയിൽ ആയതു പരിശോധിക്കാത്തതു ടിയാരിയുടെ ഭാഗത്തുനിന്നുമുള്ള മേൽനോട്ട വീഴ്ചയാണ്.

ii) കൂടാതെ അന്യ രാജ്യത്തു ജോലി നോക്കുന്ന അപേക്ഷകന്റെ സാലറി സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട എംബസിയുടെ അറ്റസ്റ്റേഷൻ ഇല്ലാതെ സ്വീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ലോൺ അനുവദിച്ചതും ഡോ.രാജശ്രീ അജിത്തിന്റെ ഭാഗത്തുനിന്നുമുള്ള വീഴ്ച തന്നെയാണ്.

6) മേൽ കണ്ടെത്തിയ വീഴ്ചകളുടെ അടിസ്ഥാനത്തിൽ അച്ചടക്ക നടപടി സ്വീകരിക്കുന്ന അധികാരിക്ക് ഡോ.രാജശ്രീ അജിത്തിനെതിരെ ഉചിതമായ ശിക്ഷ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് അന്വേഷണ ഉദ്യോഗസ്ഥ ശിപാർശ ചെയ്തിട്ടുണ്ട്..

7) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (4) പ്രകാരം നിയമിക്കപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥയുടെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ കുറ്റപത്രം നൽകുകയും പ്രതിവാദ പത്രിക നൽകുകയും ടിയാളെയും മറ്റ് ഉദ്യോഗസ്ഥരെയും നേരിൽ കേൾക്കുകയും മറ്റ് രേഖകളുടെ തുടർ പരിശോധന നടത്തുകയും പരാമർശം (6) പ്രകാരം പരിഷ്കരിച്ച കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകുകയുമുണ്ടായി. കുറ്റപത്രത്തിനും കുറ്റാരോപണ മെമ്മോയ്ക്കുമുള്ള പ്രതിവാദ പത്രികയും കുറ്റാരോപിത സമർപ്പിക്കുകയുണ്ടായി. അനുവദിക്കപ്പെട്ട വായ്പ പതിനഞ്ച് വർഷ കാലാവധിക്കുള്ളിൽ അടച്ചുതീർത്തതായും ടിയാൾ മാനേജിംഗ് ഡയറക്ടർ എന്ന നിലയിൽ പ്രവർത്തിച്ചിട്ടുള്ളത് സ്ഥാപനത്തിന്റെ നന്മ ലാക്കാക്കിയാണെന്നും ആരോപണ വിധേയമായ ഇടപാടിലോ സ്ഥാപനത്തിന്റെ മൊത്തമായ പ്രവർത്തനത്തിലോ യാതൊരു നഷ്ടവും ഉണ്ടായിട്ടില്ലെന്നും രണ്ടാമത്തെ കുറ്റ പത്രത്തിലെ ആരോപണങ്ങൾ ഒന്നും തന്നെ നിലനിൽക്കുന്നതല്ലെന്നും പ്രതിവാദ പത്രികയിൽ വാദിക്കുകയുണ്ടായി .

8) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അച്ചടക്ക നടപടിയുടെ ഭാഗമായി സ്ഥാപനത്തിലെ ലീഗൽ അഡ്വൈസറായിരുന്ന അഡ്വ. വഴുതക്കാട് നരേന്ദ്രൻ, ചാർട്ടേർഡ് അക്കൗണ്ടന്റായിരുന്ന ശ്രീ. എം.ബി. സനൽകുമാർ എന്നിവരെ ഒഴിവാക്കിയതായി കെ.ടി.ഡി.എഫ്.സി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഡോ.രാജശ്രീ അജിത്തിനെതിരെ KCS(CC&A) Rules 1960 ലെ റൂൾ 15-ന്റെ അടിസ്ഥാനത്തിൽ ആരംഭിച്ച അച്ചടക്ക നടപടിയുടെ ഭാഗമായി ഔദ്യോഗിക അന്വേഷണം നടത്തിയ ഗതാഗത വകുപ്പ് മുൻ ജോയിന്റ് സെക്രട്ടറി ശ്രീമതി.ജോസഫൈൻ സമർപ്പിച്ച റിപ്പോർട്ടും മറ്റ് വസ്തുതകളും പരിശോധിച്ചതിൽ ഈ കേസിൽ

അച്ചടക്കനടപടി ആവശ്യമില്ലെന്ന് തീരുമാനിക്കുകയും പ്രസ്തുത തീരുമാനം വിജിലൻസ് വകുപ്പിനെ അറിയിക്കുകയുംആയത് പരിശോധിച്ച് 'ഗതാഗത വകുപ്പിന്റെ താൽക്കാലിക തീരുമാനത്തോട് വിജിലൻസ് വകുപ്പ് യോജിക്കുന്നു'എന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്.

4) മേൽ സാഹചര്യത്തിൽ 31.08.2005-ൽ ടേക്ക് ഓവർ ആന്റ് അച്ചീവ്മെന്റ് ലോൺ അനുവദിച്ചതുമായി ബന്ധപ്പെട്ട് ക്രമക്കേട് നടന്നതായി കണ്ടെത്തിയ വിജിലൻസ് അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകളുടേയും ശിപാർശയുടെയും അടിസ്ഥാനത്തിൽ കെ.ടി.ഡി.എഫ്.സി. മുൻ മാനേജിംഗ് ഡയറക്ടർ ഡോ.രാജശ്രീ അജിത്തിന് എതിരെ KCS(CC&A) Rules 1960 ലെ റൂൾ 15-ന്റെ അടിസ്ഥാനത്തിൽ ആരംഭിച്ച അച്ചടക്ക നടപടി , പരാമർശ കുറ്റപത്രപ്രകാരമുള്ള കുറ്റങ്ങളിൽ നിന്ന് ഒഴിവാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ വാസുകി കെ ഐ എ എസ്

സെക്രട്ടറി

ചെയർമാൻ &മാനേജിംഗ് ഡയക്ടർ, കെ.ടി.ഡി.എഫ്.സി, തിരുവനന്തപുരം. ഡയറക്ടർ,വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ

വിജിലൻസ് വകുപ്പ്(VIG – A3/271/2022- VIG തിയതി : 26.08.2023)

ഇൻഫർമേഷൻ ഓഫീസർ (വെബ്& മിഡിയ)വിവര പൊതുജന സമ്പർക്ക വകുപ്പ്(ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sawmini Jayakumar
സെക്ഷൻ ഓഫീസർ
Date: 22-04-2024 11:36:04